## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന വിവിധ സേവനങ്ങൾക്ക് മൊബൈൽ ഫോണുകൾ വഴി എസ്. എം. എസ്സിലൂടെ അറിയിപ്പുകൾ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള ഉത്തരവ്

================================================================================

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(സാ) നം. 129/14/തസ്വഭവ. തിരുവനന്തപുരം, തീയതി 15-01-2014

================================================================================

പരാമർശം:- 1. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 06-07-2012 ലെ ഡി. ഒ. നമ്പർ 653/HS/2012 കത്ത്.

2. ഇൻഫർമേഷൻ കേരളാ മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 07-09-2012-ലെ IKM/LoBE&QA/Sevana/11/2007 നമ്പർ കത്ത്.

### ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന വിവിധ സേവനങ്ങൾക്ക് മൊബൈൽ ഫോണുകൾ വഴി എസ്. എം. എസ്സിലൂടെ അറിയിപ്പുകൾ നൽകുന്നതിനായി ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ചെടുത്ത സംവിധാനം കേരള സ്റ്റേറ്റ് ഐ. റ്റി. മിഷന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടുവിക്കുന്നു.

1. ജനന, മരണ, വിവാഹ രജിസ്ട്രേഷനുകൾ പൂർത്തിയാകുന്ന മുറയ്ക്ക് രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ എസ്. എം. എസ് ആയി ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് കേരള സ്റ്റേറ്റ് ഐ. റ്റി. മിഷനുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് IKM ന് അനുമതി നൽകുന്നു.

2. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സാമ്പത്തിക സഹായത്തോടുകൂടി നവജാത ശിശുക്കളുടെ പ്രതിരോധ കുത്തിവയ്പ്പ് സംബന്ധമായ ഓർമ്മിപ്പിക്കലുകൾക്കുള്ള എസ്. എം. എസുകൾ ബന്ധപ്പെട്ടവരുടെ മൊബൈലിലേക്ക് നൽകുന്നതിന് IKM ന് അനുമതി നൽകുന്നു. നവജാത ശിശുക്കളുടെ പ്രതിരോധ കുത്തിവയ്പ്പ് സംബന്ധമായ ഓർമ്മിപ്പിക്കലുകൾക്കുള്ള എസ്. എം. എസ് അലർട്ടുകൾ ഒരു സന്ദേശത്തിന് 12 പൈസ നിരക്കിൽ 5 എസ്. എം. എസ്. അലർട്ടുകൾ ഓരോ നവജാത ശിശുക്കളുമായി ബന്ധപ്പെട്ട മൊബൈലിലേക്ക് നൽകേണ്ടതും ആകെ അയച്ച എസ്. എം. എസ് കളുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തെ അവസാന പേയ്മെന്റ് നടത്തേണ്ടതും എന്നാൽ ട്രായ് നിരക്കുകൾക്ക് മാറ്റം വരുന്ന പക്ഷം എസ്. എം. എസ് നിരക്ക്, ട്രായിറേറ്റ് + സർവ്വീസ് ചാർജ്ജ് + 5% കസ്റ്റമേഷൻ/അഡ്മിനിസ്ട്രേഷൻ ചെലവ് എന്ന രീതിയിൽ കണക്കാക്കേണ്ടതുമാണ്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ തൽസ്ഥിതി സംബന്ധിച്ചും (file tracking), വസ്തുനികുതി e-payment, ബിൽഡിംഗ് പെർമിറ്റ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും എസ്. എം. എസ് ആയി ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് IKM ന് അനുമതി നൽകുന്നു. ഇതിലേയ്ക്ക് ആവശ്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും IKM ന് ഗ്രാന്റായി നൽകേണ്ടതാണ്.

4. മേൽ വിവരിച്ച ആവശ്യങ്ങൾക്കായി എസ്. എം. എസ് അയക്കേണ്ടവരുടെ mobile phone number കൂടി അതാത് സോഫ്റ്റ്വെയറിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5. ജനന, മരണ, വിവാഹ, രജിസ്ട്രേഷനുകൾ വഴി ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പിനും നാഷണൽ റൂറൽ ഹെൽത്ത് മിഷനും (NRHM) നും സേവന (civil registration) സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമാക്കുന്നതിന് IKM ന് അനുമതി നൽകുന്നു. ടി സ്ഥാപനങ്ങൾ ഈ വിവരങ്ങൾ സംഗ്രഹിത രൂപത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ പരസ്യപ്പെടുത്താൻ പാടില്ലാത്തതും. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ നിയമങ്ങളിലും ചട്ടങ്ങളിലും ഇതു സംബന്ധമായി നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്. കൂടാതെ, ആരോഗ്യ വകുപ്പിന്റെയും NRHM ന്റെയും നേരിട്ടുള്ള പ്രവർത്തനങ്ങളിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് ഇൻഫർമേഷൻ കേരളാ മിഷനിലൂടെ ലഭ്യമാക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**(ജെയിംസ് വർഗ്ഗീസ്)**

പ്രിൻസിപ്പൽ സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
2. നഗരകാര്യ ഡയറക് ടർ, തിരുവനന്തപുരം.
3. എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
4. എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).
6. PRD [For the publication in Print and media vision] [with C/L]
6. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ